# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അടാട്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-ടിഎസ്ആർ-പി1)2052/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അടാട്ട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ-ടിഎസ്ആർ-പി1)2052/2022. തീയ്യതി: 23/12/2022

## തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 19-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 21-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 21-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി സുധ ഇ എൻ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. സുനിൽ പി ബി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിമി അജിത്ത്കുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രമാദേവി പി | സെക്രട്ടറി | 01-04-2021 | 26-07-2021 |
| സുരേഷ് കെ ആർ | സെക്രട്ടറി | 27-07-2021 | 31-10-2021 |
| സുരേഷ്ബാബു ചിറ്റഴി | സെക്രട്ടറി - ഇൻ - ചാർജ് | 01-11-2021 | 02-02-2022 |
| ഹരിദാസൻ പി എസ് | സെക്രട്ടറി | 03-02-2022 | 31-03-2022 |
| മാസ്റ്റി എം സി | അസി.സെക്രട്ടറി | 01-04-2021 | 26-07-2021 |
| സുരേഷ്ബാബു ചിറ്റഴി | അസി.സെക്രട്ടറി | 27-07-2021 | 31-03-2022 |
| റിജ പി ടി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സ്മിത ഫ്രാൻസിസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.രാധിക ശ്യാം | വെറ്ററിനറി സർജൻ | 01-04-2021 | 02-12-2021 |
| ഡോ.രഞ്ജിനി പി | വെറ്ററിനറി സർജൻ | 03-12-2021 | 31-03-2022 |
| ഡോ.സുജിത്ത് കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ജയ ടി എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.സൈമൺ ടി ചുങ്കത്ത് | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2021 | 03-02-2022 |
| ഡോ.രേഖ പി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 04-02-2022 | 31-03-2022 |
| സ്റ്റെല്ല വി സി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 27-06-2021 |
| സീന കെ എസ് | ഐസിഡിഎസ് സൂപ്പർവൈസർ (ഇൻ ചാർജ്) | 28-06-2021 | 22-11-2021 |
| സിബി നോബിൾ | ഐസിഡിഎസ് സൂപ്പർവൈസർ | 23-11-2021 | 31-03-2022 |
| ഷീജ പി ടി | വി ഇ ഒ പുഴയ്ക്കൽ സർക്കിൾ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഷീജ പി ടി | വി ഇ ഒ ചിറ്റിലപ്പിള്ളി സർക്കിൾ | 01-04-2021 | 21-09-2021 |
| അഞ്ജന വി | വി ഇ ഒ ചിറ്റിലപ്പിള്ളി സർക്കിൾ | 22-09-2021 | 26-11-2021 |
| ലിന്റോ ഇ എൽ | വി ഇ ഒ ചിറ്റിലപ്പിള്ളി സർക്കിൾ | 27-11-2021 | 10-02-2022 |
| ഷീജ പി ടി | വി ഇ ഒ ചിറ്റിലപ്പിള്ളി സർക്കിൾ | 11-02-2022 | 15-03-2022 |
| ദീപക് ഗോകുൽ | വി ഇ ഒ ചിറ്റിലപ്പിള്ളി സർക്കിൾ | 16-03-2022 | 31-03-2022 |
| രാമദാസ് | ഹെഡ്മാസ്റ്റർ ജി എൽ പി എസ് അടാട്ട് | 01-04-2021 | 06-12-2021 |
| ഫ്ലോറ മാത്യൂ വടക്കൂട്ട് | ഹെഡ്മാസ്റ്റർ ജി എൽ പി എസ് അടാട്ട് | 07-12-2021 | 31-03-2022 |
| മഞ്ജുഷ ടി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 07-07-2021 |
| ശ്രീനാഥ് ഇ യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-07-2021 | 31-03-2022 |
| ജോമോൾ സി ബേബി | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ (ഇൻ ചാർജ്) | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ | 1-10-1 |
| 12 | വസ്തു നികുതി | 1-10-2 |
| 13 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-3 |
| 14 | Prior Period Item-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല | 1-10-4 |
| 15 | ജേണൽ എൻട്രികൾക്ക് വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-5 |
| 16 | ആസ്തി രജിസ്റ്റർ | 1-10-6 |
| 17 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-10-7 |
| 18 | ഡിപ്രിയിസേഷൻ - വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-10-8 |
| 19 | ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-10-9 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-10-10 |
| 21 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ പരിപാലനം | 1-10-11 |
| 22 | Capital Work In Progress തുകകൾ പൊരുത്തപ്പെടുന്നില്ല | 1-10-12 |
| 23 | വരവ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കിയിട്ടില്ല | 1-10-13 |
| 24 | തൊഴിൽ നികുതി - അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല. | 1-11 |
| 25 | തൊഴിൽ നികുതി - അപാകങ്ങൾ | 1-12 |
| 26 | വസ്തുനികുതി- മുഴുവൻ കെട്ടിടഭാഗങ്ങൾക്കും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല. | 1-13 |

| | | |
|---|---|---|
| 27 | വസ്തുനികുതി - കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു- ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-14 |
| 28 | കെട്ടിടത്തിന് നമ്പർ അനുവദിക്കൽ- ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 1-15 |
| 29 | ദീർഘകാലമായി നികുതി അടവാക്കാത്ത അനധികൃത കെട്ടിടങ്ങൾ - കേസ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-16 |
| 30 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-17 |
| 31 | വിവിധ വരവിനങ്ങൾ - രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-18 |
| 32 | വിവിധ വരവിനങ്ങൾ സംബന്ധിച്ച പഞ്ചായത്ത് തീരുമാനങ്ങൾ - തുടർനടപടികൾ ഇല്ല. | 1-19 |
| 33 | മരണപ്പെട്ട സാമൂഹ്യ സുരക്ഷിതത്വപെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-20 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - 5 ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല. | 1-21 |
| 35 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 36 | വി.ഇ.ഒ നടപ്പാക്കിയ പ്രൊജക്ടുകൾ - അപാകങ്ങൾ | 1-23 |
| 37 | ജൽജീവൻ മിഷൻ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-24 |
| 38 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല - തനത് ഫണ്ടിൽ നിന്നും 20 ലക്ഷത്തിൽപ്പരം രൂപയുടെ അധിക ചെലവ് | 1-25 |
| 39 | താല്ക്കാലിക നിയമനങ്ങൾ - സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല | 1-26 |
| 40 | ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ ഉത്സവബത്ത നൽകി | 1-27 |
| 41 | സർക്കാർ ഉത്തരവ് പരിഗണിക്കാതെ ആർജ്ജിതാവധി പണമാക്കി മാറ്റി | 1-28 |
| 42 | മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 1-29 |
| 43 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നിർവ്വഹണ/വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ- പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-30 |
| 44 | ആശുപത്രി മാനേജിംഗ് കമ്മറ്റി വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് | 1-31 |
| 45 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-32 |
| 46 | അഗതി രഹിത കേരളം- കൈമാറിയ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. | 1-33 |

| | | |
|---|---|---|
| 47 | വയോജനങ്ങൾക്ക് കട്ടിൽ- കട്ടിലുകൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 17.02.2021 | 1 (1) | 239700603 | 213112500 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 15.02.2022 | 1(1) | 19,28,76,700 | 19,45,76,830 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 21-06-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36627011.9 |
| വരവ് | 93342009 |
| ആകെ | 129969020.9 |
| ചെലവ് | 88713872 |
| നീക്കിയിരിപ്പ് | 41255148.9 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17284127 | 17284127 | 16373134 | 910993 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9067666 | 9067666 | 9067666 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9228000 | 9228000 | 4481935 | 4746065 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 7048289 | 7048289 | 6736169 | 312120 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 3329000 | 3329000 | 3294849 | 34151 |
| ടൈഡ് ഗ്രാന്റ് | 0 | 9911298 | 9911298 | 5503061 | 4408237 |

### 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 156 | 89842707 | 141 | 60282637 | | 15 | 67.09 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1342 | 753660 | 755002 | 754972 | 30 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | 14799979 | 14799979 | 14799979 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44520 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 7159200 | 4616 |
| വിധവാ പെൻഷൻ | 18329200 | 11627 |
| വാർദ്ധക്യകാലപെൻഷൻ | 35405600 | 23539 |
| വികലാംഗ പെൻഷൻ | 4782400 | 3030 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4009600 | 2580 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2022 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1317/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.3/22.11.2022)

### 1-10-1 അടിസ്ഥാന അനുപാതങ്ങൾ

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)

### 1-10-2 വസ്തു നികുതി

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ

തുകകളും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിനായി Prior Period Item എന്ന നോമിനൽ അക്കൗണ്ട് പ്രകാരം ജേണൽ വൗച്ചർ മുഖേന സാങ്കല്പികമായി വർദ്ധിപ്പിച്ചു. ഈ വർദ്ധനവിന് കാരണമായി രേഖപ്പെടുത്തിയിട്ടുള്ള സബ് വൗച്ചറുകളോ വർക്ക്ഷീറ്റുകളോ നടപടിക്രമങ്ങളോ ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A. 431100102 Receivable For Property Tax On Residential Buildings(Arrears) എന്ന ഹെഡ്ഡിലെ ഡിമാന്റ് 280100101- Prior Period Items- Property Tax On Residential Buildings എന്ന നോമിനൽ അക്കൗണ്ട് പ്രകാരം 31385/- രൂപ കുറവെഴുതി (വൗച്ചർ നം. 42100443/01.04.22-₹30104, 42100443/01.04.22-₹1281). ഇതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

B. 431100104 Receivable For Property Tax On Non Residential Buildings(Arrears) എന്ന ഹെഡ്ഡിലെ ഡിമാന്റ് 280100104- Prior Period Items- Property Tax On Non-residential Buildings എന്ന നോമിനൽ അക്കൗണ്ട് പ്രകാരം 37,845/- രൂപ വർദ്ധിപ്പിച്ചു (വൗച്ചർ നം. 42100426/01.04.21). ഇതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

വസ്തുനികുതി ഡി.സി.ബി.യുടെ സാംഖ്യ – സഞ്ചയ താരതമ്യം താഴെ ചേർക്കുന്നു.

10.2.1 തൻവർഷം

10.2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4625113 | 44,98,797 | 78,169 | 53,724 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 46,25,113 | 44,93,220 | 7,81,169 | 53,724* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 56416 /105X100)= 53730 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

10.2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 37,72,432 | 27,65,117 | 13,391 | 9,97,208 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 37,72,432 | 27,61,833 | 13,391 | 9,97,208* |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *(10,47,089 /105X100)= 9,97,228 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി |

| | | | | |
|---|---|---|---|---|
| | | | | പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

10.2.2 കുടിശ്ശിക

10.2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5,77,650 | 2,21,061 | 3,60,040 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *5,79,619 | 2,17,610 | **3,60,040 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (266508+342092= 6,08,600/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (378088/105X100)= 3,60,084 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

10.2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 72,83,787 | 1,07,114 | 71,76,823 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 72,46,056 | 1,06,964 | 71,76,823 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(10,63,401+65,44,958= 76,08,359/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(7535796/105X100)=71,76,949,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

10.2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 2,35,229 | 30,104 | 2,65,333 | 2,28,794 | 11,261 | 2,40,055 | 4,197 | | 2,692 | 18,048 | 20,740 |
| | നോൺ-റെസിഡൻഷ്യൽ | 1,89,405 | 3,64,433 | 5,53,838 | 1,38,990 | 5,385 | 1,44,375 | 693 | | 49,881 | 3,58,973 | 4,08,854 |
| | ആകെ | | | 8,19,171 | | | 3,84,430 | 4890 | | 4,29,594 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 8,16,506 | | | 3,84,035 | | | | 3,89,577 | 4,29,594 | | |
| | | 391872+424634 =(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

10.2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ

ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

10.2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 613085 | 625173 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 84,614 | 157226 |

10.2.6 1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ 326 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

10.2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 3,84,035രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 3,84,430 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 3,89,577രൂപയാണ്. (വൗച്ചർ 42100450 തീ 31.03.22 (139524+232537=3,72,061)& (വൗച്ചർ 42100452 തീ 31.03.22 (12056+5460=17516) ആകെ : 3,89,577(പട്ടിക 2.3 കാണുക )

10.2.8 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന

നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രം.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 8453 | 7,81,169 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 779 | 13,391 |

10.2.9.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു.അതിൽ 7,69,499രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

10.2.9.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100457 | 05.04.2021 | 6,71,137 |
| 2 | 42100430 | 09.08.21 | 3,383 |

10.2.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100457 | 04.04.2021 | 94729 |
| 2 | 42100430 | 09.08.21 | 250 |

10.2.10 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 90,17,389/-രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 4,29,399 (90,17,389/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 4,29,594 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-3 ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-4 Prior Period Item-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 9,53,246 |
| 280100104-Prior Period Income-Property Tax On Non Residential Buildings | (-)37845 |
| 280100105-Prior Period Income-Service Cess On Residential Building | (-) 2194 |
| 280100106-Prior Period Income-Service Cess On Non Residential Building | (-)7704 |
| 280200401-Prior Period Income-Other Income | 48000 |
| 280800201-Prior Period-Administrative Expenses | (-) 29879 |

## 1-10-5 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-6 ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 46,28,137 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,33,99,462 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-8 ഡിപ്രിയിസേഷൻ - വർക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 47,55,121രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-9 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 600രൂപയുടെ നിക്ഷേപം കാണുന്നു.എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-10-10 തൊഴിലുറപ്പ് പദ്ധതി

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യ ചെലവും ₹1,55,54,951 എന്നതാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം 1,55,54,091 എന്നതാണ് ആയതിൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ

പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 29,60,414 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ ₹29,60,414 കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ ₹29,60,414 ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-10-11 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ പരിപാലനം

1) ഡെപ്പോസിറ്റ് രജിസ്റ്ററിലെ ശീർഷകം 340100301 Contractors Retention പ്രകാരം നീക്കിയിരിപ്പ് തുക '0'എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക കണക്കിലെ B-7 ഷെഡ്യൂളിലെ രേഖപ്പെടുത്തൽ പ്രകാരം ₹31,810 എന്നതാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

2) അഡ്വാൻസ് രജിസ്റ്റർ എഴുതി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി പരിപാലിച്ചിട്ടില്ല.

## 1-10-12 Capital Work In Progress തുകകൾ പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/22 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 11,97,117രൂപയാണ്. എന്നാൽ 31/3/22 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക22,97,691രൂപ യാണ്. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-10-13 വരവ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കിയിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളിൽ താഴെ പറയുന്ന രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി എഴുതി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിസൂക്ഷിക്കുന്നില്ല.

1) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

2) പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

രജിസ്റ്ററുകൾ കൃത്യമായി എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കവിയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. വകുപ്പ് 205 ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ച് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(എ) എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽ ഇനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷികധനകാര്യ പത്രികയിലെ ഡിമാന്റ്, കളക്ഷൻ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

(ബി) വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിലുടമകൾ നൽകുന്ന സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 2 | ഐ.സി.ഐ.സി.ഐ ബാങ്ക് | ,, |
| 3 | കേരള ഗ്രാമീൺ ബാങ്ക് | ,, |
| 4 | പി.എൻ.വൈ സഭ | ,, |
| 5 | കൊശമറ്റം ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 6 | പുഴയ്ക്കൽ നിധി ലിമിറ്റഡ് | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 7 | മാനവസേവ ഹോസ്പിറ്റൽ | ,, |
| 8 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ,, |

തൊഴിൽ നികുതി സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 19/29.11.22)

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

അടാട്ട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും 2021-22 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി സ്റ്റേറ്റ് മെന്റുകൾ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പ്രൊഫഷണലുകൾ, ഗ്രാമപഞ്ചായത്ത് കരാർ പ്രവൃത്തികൾ ചെയ്യുന്നവർ മുതലായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ഓഡിറ്റിന് ലഭ്യമാക്കിയ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

എ) തൊഴിൽ നികുതി അടവാക്കിയ രസീത് നമ്പരും തീയതിയും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) സംക്ഷിപ്തത്തിൽ ഓരോ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ

നികുതി ഓരോ പേജ് പ്രകാരമുള്ള ആകെ തുക രേഖപ്പെടുത്തിയിട്ടില്ല.

സി) തൊഴിൽ നികുതി സ്റ്റേറ്റ് മെന്റുകളും രജിസ്റ്ററുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. ഏതാനും

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

I. SRKGVMHS, HSS എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 73750/- രൂപയാണ് അടവാക്കിയിരിക്കുന്നത്. എന്നാൽ സ്റ്റേറ്റ് മെന്റ് പ്രകാരം 75000/- രൂപയാണ് അടവാക്കിയിട്ടുള്ളത്.

II. കെ.എസ്.ഇ.ബി., മുതുവറ രണ്ടാം അർദ്ധവർഷം- സ്റ്റേറ്റ്മെന്റ് പ്രകാരം 44,750/-, രജിസ്റ്റർ പ്രകാരം - 45,000/-.

III. പുഴയ്ക്കൽ നിധി- സ്റ്റേറ്റ് മെന്റ് ഉണ്ടെങ്കിലും ആയത് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

IV. ചിറ്റിലപ്പിള്ളി ക്ഷീരോദ്പാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി - ഒന്നാം അർദ്ധവർഷത്തെ സ്റ്റേറ്റ് മെന്റ് ലഭ്യമല്ല.

ഡി) തൊഴിലുടമ നൽകുന്ന സ്റ്റേറ്റ്മെന്റുകൾ പലതും അപൂർണ്ണമാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

I. ബി.വി.പി. സീനിയർ സെക്കണ്ടറി സ്കൂൾ, അടാട്ട്- സ്റ്റേറ്റ്മെന്റിൽ അടിസ്ഥാന ശമ്പളം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ക്ഷാമബത്ത, ബോണസ്, ഉത്സവബത്ത മുതലായ തൊഴിൽ നികുതി നിർ ണ്ണയിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

II. സി.എസ്.ബി. ബാങ്ക് രണ്ടാം അർദ്ധവർഷം - സ്റ്റേറ്റ്മെന്റിൽ ശമ്പളവിവരങ്ങൾ ഇല്ല. പല ജീവനക്കാരിൽ നിന്നും 500/- രൂപ വീതം ഈടാക്കിയിരിക്കുന്നു.

ഇ) ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും സ്ഥാപനതൊഴിൽ നികുതി അടവാക്കുന്നുണ്ടെങ്കിലും ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ പ്രകാരം സ്ഥാപനത്തിലെ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അടവാക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. നോവ എഞ്ചിനീയറിംഗ് - 8 തൊഴിലാളികൾ

2. ജെനിറ്റ്സ് ഐ.ടി. & എ.വി. സിസ്റ്റം - 9 പേർ

3. വേൾഡ് വെയർ നിറ്റിംഗ് - 5 പേർ

4. പ്രിയദർശിനി കേരശ്രീ കുടുംബശ്രീ യൂണിറ്റ് - 10

5. മിലൻഎഞ്ചിനീയറിംഗ് & സ്റ്റീൽ ഫർണിച്ചർ വർക്ക്സ് - 5 പേർ

മേൽ അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 19/29.11.22)

## 1-13 വസ്തുനികുതി- മുഴുവൻ കെട്ടിടഭാഗങ്ങൾക്കും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല.

ശ്രീ. രാധാകൃഷ്ണൻ, ശ്രീമതി കനകവല്ലി എന്നിവരുടെ ഉടമസ്ഥതയിലുള്ള 4/309 എ മുതൽ എൻ, 4/309 വി എന്നീ കെട്ടിട നമ്പറുകൾ അനുവദിക്കപ്പെട്ട റെസിഡൻഷ്യൽ കം കൊമേഴ്സ്യൽ കെട്ടിടത്തിന്റെ ബേസ് മെന്റ് ഫ്ലോർ കാർപാർക്കിംഗ്, ഗ്രൗണ്ട് ഫ്ലോർ സൂപ്പർമാർക്കറ്റ് ഒന്നും രണ്ടും നിലകൾ എ2 റെസിഡൻഷ്യൽ എന്നിങ്ങനെ പ്രവർത്തിക്കുന്നു. ഇപ്രകാരമുള്ള കെട്ടിടനമ്പറുകൾ 2018-19 വർഷം അനുവദിച്ചിട്ടുള്ളതാണ്. ഗ്രൗണ്ട് ഫ്ലോറിലുള്ള 4/309 എ എന്ന കെട്ടിടനമ്പർ വിഭജിച്ച് പുതിയനമ്പർ അനുവദിക്കുന്നതിനാണ് തൻവർഷം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 4/309 എ, 4/309 വി എന്നിങ്ങനെ കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുണ്ട്.

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

എ. ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ സമർപ്പിച്ച Partial Completion Plan പ്രകാരം (പൂർത്തീകരിച്ച തീയതി- 13/6/15) ഗ്രൗണ്ട് ഫ്ലോറിന്റെ വിസ്തീർണ്ണം 149.82 ച.മീ. ആയിരുന്നു. ടി വിസ്തീർണ്ണ പ്രകാരം നികുതി നിർണ്ണയിച്ചതായാണ് നോട്ട് ഫയലിൽ കാണുന്നത്. എന്നാൽ മുഴുവൻ കെട്ടിട നിർമ്മാണവും പൂർത്തീകരിച്ച് നമ്പറിംഗിനായി സമർപ്പിച്ച Final Completion Plan പ്രകാരം ഗ്രൗണ്ട് ഫ്ലോറിന്റെ വിസ്തീർണ്ണം 137 ച.മീ.മാത്രമാണ്. മാത്രമല്ല Partial Completion Plan ന്റെ അടിസ്ഥാനത്തിൽ 149.82 ച.മീ. വിസ്തീർണ്ണമുള്ള 4/309 എ എന്ന നമ്പർ അനുവദിച്ച് കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ ഗ്രൗണ്ട് ഫ്ലോറിലുള്ള നമ്പറിന് വാണിജ്യ കെട്ടിടത്തിന്റെ ഒന്നാം നിലയ്ക്കുള്ള 5 % ഇളവ് അനർഹമായി അനുവദിച്ചു നൽകി.

ബി. ഫയലിൽ ലഭ്യമായ അംഗീകരിക്കപ്പെട്ട പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ കെട്ടിടവിസ്തീർണ്ണത്തിനും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട ഭാഗങ്ങൾ | പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള നിർമ്മിത വിസ്തീർണ്ണം | അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയിക്കപ്പെട്ട വിസ്തീർണ്ണം | അനുവദിച്ച കെട്ടിടനമ്പറുകൾ |
|---|---|---|---|
| ബേസ് മെന്റ് (കാർ പാർക്കിംഗ്) | 132 | - | |
| ഗ്രൗണ്ട് ഫ്ലോർ (സൂപ്പർമാർക്കറ്റ്, ഷോപ്പ്) | 137 | 130.22 | 4/309 എ, ബി, വി |
| ഒന്നാം നില (ലോഡ്ജ്) | 137 | 136.98 | 4/309 സി മുതൽ എച്ച് വരെ |
| രണ്ടാം നില (ലോഡ്ജ്) | 137 | 136.98 | 4/309 ഐ മുതൽ എൻ വരെ |
| ടെറസ് ഫ്ലോർ | 16.85 | - | - |
| ആകെ വിസ്തീർണ്ണം | 559.25 | 404.18 | |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ആവശ്യത്തിനായി നീക്കിവെച്ചാൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം

ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ പട്ടികയിൽ കാണുന്ന പ്രകാരം കാർപാർക്കിംഗിന് ഉപയോഗിക്കുന്ന ബേസ് മെന്റ് ഫ്ലോർ (132 ച.മീ.), ടെറസ് ഫ്ലോർ (16.85 ച.മീ.) എന്നിവ നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. മാത്രമല്ല, പൂർത്തീകരണ പ്ലാനിൽ കാണിച്ചിട്ടുള്ള ഗ്രൗണ്ട് ഫ്ലോർ വിസ്തൃതിയായ 137 ച.മീ.എന്നത് പരിഗണിച്ചാൽപ്പോലും 7 ച.മീ. വിസ്തീർണ്ണം നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവായതായി കാണുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 08/26.11.22) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം പരിശോധിച്ച് ആവശ്യമെങ്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വസ്തുനികുതി - കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു- ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ശ്രീമതി ഷീബ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 12/42 എ മുതൽ 42 ഐ വരെയുള്ള കെട്ടിടനമ്പറുകൾ അനുവദിക്കപ്പെട്ട കൊമേഴ്സ്യൽ കെട്ടിടത്തിൽ 12/42 ഐ എന്ന നമ്പറായ കെട്ടിടഭാഗത്തിന് അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 232.13 ച.മീ. വിസ്തീർണ്ണമുണ്ട്. ച.മീ.ക്ക് 50/- രൂപ പ്രകാരമാണ് നികുതിനിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ 100 ച.മീ. വിസ്തീർണ്ണത്തിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് ച.മീ.ക്ക് 60/- രൂപ നിരക്കിലാണ്. മേൽ കെട്ടിടത്തിന്റെ പെർമിറ്റ് ഫയൽ, നമ്പറിംഗ് ഫയൽ എന്നിവ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 08/26.11.22) ഫയൽ ലഭ്യമാക്കിയില്ല.

കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടത്തിന് നമ്പർ അനുവദിക്കൽ- ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിഷ്ണു വേലപ്പൻ, കൊളങ്ങരപ്പറമ്പിൽ എന്നയാൾക്ക് 4/510 T To Z, A1, A2, A3, A4 എന്നിങ്ങനെ കെട്ടിടനമ്പറുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ കെട്ടിടനമ്പറുകൾ ഉൾപ്പെട്ട 4/510 A മുതലുള്ള നമ്പറുകളായ കെട്ടിടത്തിന്റെ (സുബ്രഹ്മണ്യ ആർക്കേഡ്) ആകെ തറവിസ്തീർണ്ണം 1033.99 ച.മീ.ആണ്. ഫയൽ പരിശോധിച്ചതിൽ 1000 ച.മീ.ക്ക് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ആവശ്യമായ Fire & Rescue വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ല. ഈ കെട്ടിടത്തിന്റെ ഉടമസ്ഥരിൽ ഒരാളായ വേലപ്പൻ, കൊളങ്ങരപ്പറമ്പിൽ ഹൗസ് എന്നയാൾ Fire & Rescue വകുപ്പിന്റെയും , റെയിൽവേയുടെയും നിരാക്ഷേപ സാക്ഷ്യപത്രത്തിനാവശ്യമായ പ്ലാനുകൾ 21.07.2017 ൽ സമർപ്പിച്ചതായി കാണുന്നു. എന്നാൽ മേൽ വകുപ്പുകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചതായി ഫയലിൽ ഇല്ല.

മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.08/26.11.22) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ദീർഘകാലമായി നികുതി അടവാക്കാത്ത അനധികൃത കെട്ടിടങ്ങൾ - കേസ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ജനറൽ സെക്രട്ടറി, ഐഡിയൽ എഡ്യുക്കേഷൻ സൊസൈറ്റി, ചിറ്റിലപ്പള്ളി എന്നയാളുടെ ഉടമസ്ഥയിലുള്ള താഴെ പറയുന്ന അനധികൃത കെട്ടിടങ്ങൾക്ക് 2013-14 മുതൽ നാളിതു വരെ വസ്തുനികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വസ്തുനികുതി | സഞ്ചയ പ്രകാരമുള്ള കുടിശ്ശിക വസ്തുനികുതി |
|---|---|---|---|
| 1 | 2/279 A(UA) | 74,480 | 7,44,800 |
| 2 | 2/279B(UN) | 1,06,662 | 10,66,620 |
| 3 | 2/279C(UA) | 2,39,997 | 23,99,970 |
| 4 | 2/279D(UA) | 6357 | 63,570 |
| 5 | 2/279E(UA) | 32,229 | 3,22,290 |
| 6 | 2/279F(UA) | 16,891 | 1,68,910 |
| 7 | 2/279G(UA) | 96,890 | 9,68,900 |

| | | | |
|---|---|---|---|
| 8 | 2/279H(UA) | 2,70,117 | 27,01,170 |
| ആകെ | | | 84,36,230 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി സംബന്ധിച്ച് കേസ് നിലവിലുണ്ടെന്ന് സെക്ഷനിൽ നിന്ന് അറിയിച്ചെങ്കിലും കേസ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 08/26.11.22). ആയതിനാൽ കേസ് സംബന്ധിച്ച നിലവിലെ അവസ്ഥ വ്യക്തമല്ല.

മേൽ വിഷയം പരിശോധിച്ച് പഞ്ചായത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ - അപാകങ്ങൾ

2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ച അപേക്ഷകൾ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

2. ലൈസൻസ് രജിസ്റ്റർ അപൂർണ്ണമായി രേഖപ്പെടുത്തിയിരിക്കുന്നു.

ലൈസൻസ് രജിസ്റ്ററിൽ പല ലൈസൻസികളുടെയും പേരുകൾ മാത്രമാണ് ഉള്ളത്. ഏതാവശ്യത്തിനായി ലൈസൻസ് അനുവദിച്ചു എന്ന് കാണുന്നില്ല. (ഉദാ. ലൈസൻസ് നമ്പർ 6. മുഹമ്മദ് റഫീക്, 7. ഷാജി.വി.എ., ലൈസൻസ് നമ്പർ 296 മുതൽക്കുള്ള ലൈസൻസ് വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.) .

3. മുഴുവൻ ലൈസൻസ് അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ ലൈസൻസ് അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ഉദാ. ലൈസൻസ് നമ്പർ 6,7,49, ലൈസൻസ് നമ്പർ 510 മുതൽക്കുള്ള അപേക്ഷകൾ).

4. ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നും ഓരോ വിഭാഗത്തിനേയും ഉത്പാദനം, സേവനം എന്നിങ്ങനെ വേർതിരിച്ചും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പരമാവധി ഫീസ് ഈടാക്കേണ്ടതാണ്.

| വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|
| മൈക്രോ | 500/- |
| മിനി | 1000/- |
| സ്മാൾ | 5000/- |
| മീഡിയം | 10000/- |
| ലാർജ്ജ് | 15000/- |

മേൽ ചട്ടപ്രകാരം ഈടാക്കേണ്ട പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ അപേക്ഷകളിൽ പലതിലും മൂലധന നിക്ഷേപ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ശ്രീമതി. ശാരദ ഗോവിന്ദൻ (ലൈസൻസ് നമ്പർ.45) എന്നവരുടെ ലൈസൻസ് അപേക്ഷ പ്രകാരം മൂലധന നിക്ഷേപം 20 ലക്ഷം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സേവന മേഖലയിലുള്ള സംരംഭത്തിന് ഈടാക്കേണ്ട ഫീസ് 1000/- രൂപയാണ്. എന്നാൽ മേൽ ലൈസൻസ് ഫീ ആയി 500/- രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഗ്രാമപഞ്ചായത്തിൽ FACTEOS ലൈസൻസ് അനുവദിക്കുന്നതിന് മൂലധനച്ചെലവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസുകൾ നിശ്ചയിച്ച് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

5. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണയന്ത്രമോ ഉപയോഗിക്കുന്ന

സ്ഥലത്തിന് ഒരു വർഷത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് ഈടാക്കാവുന്ന പരമാവധി ഫീസ് മേൽ ചട്ടം പട്ടിക III പ്രകാരമാണ് ഈടാക്കേണ്ടത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിൽ പരമാവധി ഫീസ് ഈടാക്കി വരുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ , അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും സ്ഥാപനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് കുറവായി ഈടാക്കിയതായി / ഈടാക്കാത്തതായി കണ്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ | പേര് | യന്ത്രത്തിന്റെ കുതിരശക്തി | ചുമത്തേണ്ട പരമാവധി ഫീസ് | ചുമത്തിയ ഫീസ് |
|---|---|---|---|---|
| 42 | ശാന്ത ഡേവിസ് | 10 | 100 | - |
| 56 | ബേബി ശങ്കർ സി.എസ്. | 3 | 50 | - |
| 60 | ടി.എൻ.വിശ്വനാഥൻ | 22 | 300 | 200 |
| 63 | കെ.പി.ഗിരിജൻ | 2 | 50 | - |
| 242 | എസ്.കരുണാകരൻ | 3 | 50 | - |

6. ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ അബ്കാരി ഷാപ്പുകൾ, റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ മുതലായവയ്ക്ക് ലൈസൻസ് അപേക്ഷ ലഭിക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/29.11.22) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വിവിധ വരവിനങ്ങൾ - രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, വളർത്ത് നായ്ക്കൾക്കുള്ള ലൈസൻസ് എന്നീ വരവിനങ്ങളിൽ തൻവർഷം യഥാക്രമം ₹1,350/-, ₹1,110/- വരവ് ലഭിച്ചിട്ടുണ്ട്. ഇവയ്ക്കായി ലഭിച്ച അപേക്ഷകൾ, ലഭിച്ച ഫീസിന്റെയും വിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത ഇനങ്ങളിലെ അപേക്ഷകളുടെയോ വരവുകളുടെയോ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് അന്വേഷണം.നം. 15/29.11.22)

## 1-19 വിവിധ വരവിനങ്ങൾ സംബന്ധിച്ച പഞ്ചായത്ത് തീരുമാനങ്ങൾ - തുടർനടപടികൾ ഇല്ല.

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ പരിശോധിച്ചതിൽ വിവിധ വരവിനങ്ങളെ സംബന്ധിച്ച പല തീരുമാനങ്ങളിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. തീരുമാനങ്ങൾ താഴെചേർക്കുന്നു.

1. തീരുമാന നമ്പർ- 1(1)/25.02.22 –സാൻറോയൽ ബിൽഡേഴ്സ് & പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സുകൃതി എന്ന ഫ്ലാറ്റ് 2011-ലെ കേരള കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 19(1),(2) എന്നിവയ്ക്ക് വിധേയമല്ലാത്തതിനാലും ന്യൂനതകൾ പരിഹരിക്കാൻ നിർവ്വാഹമില്ലാത്തതിനാലും ടി കെട്ടിടത്തിന് നമ്പർ നൽകാൻ നിർവ്വാഹമില്ലെന്ന കമ്മിറ്റിയിൽ ചർച്ച ചെയ്തു. ആയതിന് ഉടമസ്ഥനായ ശ്രീ. സഞ്ജുദാസ് എന്നവർ സമർപ്പിച്ച ഫയലിൻ മേൽ യാതൊരു തുടർ നടപടികൾ സ്വീകരിക്കാതെ ഫയൽ തീർപ്പാക്കാനും ആയത് ഉത്തരവായി നൽകുന്നതിനും യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

എന്നാൽ മേൽ വിഷയം സംബന്ധിച്ച തുടർനടപടികൾ വ്യക്തമല്ല. അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം ടി കെട്ടിടത്തിന് നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

2. തീരുമാന നമ്പർ - 2(1) /16.10.21

1. എഫ്.എ.ആർ ഫീ ഇനത്തിൽ കുറവായി അടവാക്കിയ ₹75,68,400/- 12% പലിശ സഹിതം അടവാക്കണമെന്ന് ശ്രീമതി. മീനാക്ഷി റാംജി, ഡയറക്ടർ, സൗപർണ്ണിക പ്രോജക്റ്റ് ഇൻഫ്രാസ്ട്രക്ചർ എന്നവർക്ക് സെക്രട്ടറി കത്തും ഡിമാന്റ് നോട്ടീസും നൽകിയത് കമ്മറ്റി അംഗീകരിച്ചു.

2. ശ്രീ. ബിനു നാരായണൻ, കച്ചാലയ്ക്കൽ (H) എന്നയാൾ എഫ്.എ.ആർ ഫീ ഇനത്തിൽ കുറവായി അടവാക്കിയ ₹35,59,500/- 12% പലിശ സഹിതം അടവാക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി കത്തും ഡിമാന്റ് നോട്ടീസും നൽകിയത് കമ്മറ്റി അംഗീകരിച്ചു.

3. തീരുമാന നമ്പർ - 17(4) /21.12.21

ചൂരക്കാട്ടുകര സ്കൂൾ മണ്ണ് നീക്കം ചെയ്യുന്നതു സംബന്ധിച്ച് നൽകിയ കത്തിൽ പഴയ ഓട്,ഇഷ്ടിക എന്നിവയുടെ വാല്യൂവേഷൻ ആകെ 8664/- രൂപ വരുന്നതാണ് എന്ന് AE റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് കമ്മിറ്റിയിൽ വായിച്ചതിൻറെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി ഐക്യകണ്ഠേന തീരുമാനിച്ചു.

4. തീരുമാന നമ്പർ - 18(1) /23.09.21

വാർഡ് 16 ലെ അടാട്ട് സ്കൂളിലെ പ്ലാവ് മരം വാർഡ് 3 ലെ അമല -ചിറ്റലപ്പിള്ളി റോഡിലെ വേങ്ങ മരം എന്നിവയുടെ വില നിർണ്ണയിച്ച് അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും ലഭ്യമായഎസ് എഫ്-2-2060/2021 Dt. 29/06/2021 - റിപ്പോർട്ട് പ്രകാരം ടി മരങ്ങൾ ലേലം ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി യോഗം ഐക്യകണ്ഠേന അംഗീകരിച്ചു.

5. തീരുമാന നമ്പർ - 1(1) /16.10.21

അടാട്ട് ഗ്രാമപഞ്ചായത്തിൽ 11 പൊതു കുളങ്ങൾ മത്സ്യകൃഷിക്കായി 04.10.2021 തീയ്യതിയിൽ നടത്തിയ ലേലത്തിൽ വാർഡ് -14 -വില്ലുപാറകുളം (2 എണ്ണം)-പ്രകാശ് എൻ എസ്, നീലമ്പിള്ളി വീട് -870/- രൂപയ്ക്കും വാർഡ് -12 -പാരിക്കാട് കുളം (2 എണ്ണം), വാർഡ് -12 -നട്ടുവത്തറക്കുളം (1എണ്ണം)-അഭിത്ത്, കൊല്ലാറ വീട് -1820/- രൂപയ്ക്കും വാർഡ് 13 - മൂർപ്പാറക്കുളം (1 എണ്ണം)-ഡെയ്സൺ, അക്കരപറ്റ്യേക്കൽ വീട് -222/- രൂപയ്ക്കും ലേലം വിളിക്കുകയും പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും ചെയ്തു.

6. തീരുമാന നമ്പർ - 6(1) /16..06.21

അടാട്ട് എഫ്.എച്ച്.സി യിൽ പൊളിച്ച് മാറ്റിയ ട്രസ്സ് വർക്ക് സാമഗ്രികൾ ഉപയോഗിച്ച് ഉപയോഗപ്രദമായ നിർമ്മാണ പ്രവർത്തികൾ ചെയ്തു തരണമെന്ന് കാണിച്ച് മെഡിക്കൽ ഓഫീസർ നൽകിയ കത്ത് യോഗം ചർച്ച ചെയ്തു. ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപെടുത്തി തിരുമാനിച്ചു.

7. തീരുമാന നമ്പർ - 22(1) /15..03.22

അമല ആശുപത്രിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ (വിലങ്ങൻകുന്ന് റോഡിൽ) പഴയത് മാറ്റി പുതിയ പി വി സി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ, Amala Institute Of Medical Sciences സമർപ്പിച്ച കത്തിൽ റോഡ് റിസ്റ്റോറേഷൻ ചാർജ്ജായി 6,30,519 /- രൂപ അടവാക്കണമെന്ന് AE LSGD റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് കമ്മിറ്റിയിൽ ചർച്ച ചെയ്തു. അനുമതി നൽകുന്നതിന് തീരുമാനിച്ചു.

മേൽ തീരുമാനങ്ങൾക്ക് പുറമെ 2021-22 വർഷത്തിൽ അസി. എഞ്ചിനീയർ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം ലഭ്യമായ ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വാല്വേഷൻ അസി.എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടി വസ്തുക്കളുടെ ലേല വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വാല്വേഷൻ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | വസ്തുക്കളുടെ ഇനം | വാല്വേഷൻ | വാല്വേഷൻ സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|---|
| അംഗൻവാടി മെയിന്റനൻസ് (പ്രൊ.നം.149/22) | Various Sections For Ramp, Stair, Gate And Windows | ₹3,605 | AE06/2022-23 /General/20 Dtd. 14.06.22 |
| GUPS ചൂരക്കാട്ടുകര സ്കൂളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (പ്രൊ.നം. 169/22) | GI Sheet | ₹18,643 | AE06/2021-22 /General/171 Dt. 10.03.22 |
| മുതുവറ ഷോപ്പിംഗ് കോംപ്ലക്സിൽ മാവേലി സ്റ്റോർ അറ്റകുറ്റപ്പണി (പ്രൊ.നം.168/22) | Rolling Shutter | ₹3,188 | AE06/2021-22 /General/171 Dt. 10.03.22 |

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക, ഓഡിറ്റിന് ലഭ്യമാക്കിയ വരവിനങ്ങളുടെ ഡി.സി.ബി. രജിസ്റ്ററുകൾ എന്നിവ പ്രകാരം മേൽ തീരുമാനപ്രകാരമുള്ള വരവിനങ്ങളിൽ തൻവർഷം വരവുകൾ വന്നിട്ടില്ല. മേൽ തീരുമാനങ്ങളിൽ

സ്വീകരിച്ച തുടർനടപടികൾ അറിയിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 09/26.11.22) മറുപടി ലഭ്യമാക്കിയില്ല.

മേൽ പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് വരുമാനനഷ്ടത്തിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. മേൽ തീരുമാനങ്ങളിൽ കൈക്കൊണ്ട തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 മരണപ്പെട്ട സാമൂഹ്യ സുരക്ഷിതത്വപെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സമയബന്ധിതമായി പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് സർക്കുലർ നം 63/2021 ധന തിയ്യതി 02.08.2021 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സർക്കുലർ ഖണ്ഡിക 2(1) പ്രകാരം അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയവർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ വിവരം അടുത്ത മാസം 10-ാം തീയതിക്കകം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിനെ അറിയിക്കേണ്ടതും ആയത് പ്രകാരം പെൻഷൻ ലിസ്റ്റിൽ നിന്നും മരണപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കേണ്ടതുമാണ്. അടാട്ട് ഗ്രാമപഞ്ചായത്തിൽ അന്യജില്ലകളിൽ നിന്നുപോലും രോഗികൾ ചികിത്സ തേടുന്ന പ്രമുഖ ആശുപത്രി പ്രവർത്തിക്കുന്ന സാഹചര്യത്തിലും വളരെയധികം മരണ രജിസ്ട്രേഷനുകൾ നടക്കുന്ന തദ്ദേശ സ്ഥാപനം എന്ന നിലയിലും സാമൂഹ്യ സുരക്ഷിതത്വപെൻഷൻ ഡാറ്റാബേസിൽ നിന്നും മരണപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ സ്ഥിരതാമസമാക്കിയ പെൻഷണർമാരുടെ മരണം രജിസ്റ്റർ ചെയ്യുകയോ ടി വിവരം അതത് തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കുകയോ ചെയ്തിട്ടുണ്ടോ എന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 14/29.11.22) മറുപടിയായി ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടുവെന്ന് ബോധ്യപ്പെട്ടാൽ ഡാറ്റാബേസിൽ നിന്നും നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും എന്നാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ പെൻഷൻ ഗുണഭോക്താക്കളുടെ മരണ രജിസ്ട്രേഷൻ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കുന്നില്ല എന്നും മേലിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - 5 ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല.

എ) പ്രൊഫഷണൽ കോഴ്സ്, പി.ജി.കോഴ്സ് ചെയ്യുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങിനൽകൽ (പ്രൊജക്റ്റ് നമ്പർ - 50/22) എന്ന പ്രൊജക്റ്റ് പ്രകാരം വികസനഫണ്ട് (എസ്.സി.പി), തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് ₹4,29,128/- ((വൗ.നം. 22101697/24.3.22- ₹3,69,128 (തനത് ഫണ്ട്), 22101748/23.03.22 ₹60,000/ - വികസനഫണ്ട് (എസ്.സി.പി)) ലാപ് ടോപ്പ് ഒന്നിന് ₹42,912/- വീതം 10 ലാപ് ടോപ്പുകൾ GeM മുഖാന്തിരം വിശ്വാസ് കമ്പ്യൂട്ടേഴ്സ്, കുന്നംകുളത്ത് നിന്നും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 7083/17.03.22). 28.02.2022 തിയതിയിലെ തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ:482/2022/LSGD പ്രകാരം നിർദ്ദേശിച്ച സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകളാണ് ഗ്രാമപഞ്ചായത്തിൽ വാങ്ങിയിരിക്കുന്നത്. മേൽ ഉത്തരവിൽ ലാപ് ടോപ്പിന്റെ പരമാവധി വില നിശ്ചയിച്ചിട്ടില്ല. എന്നാൽ 06/07/2019-ലെ ജി.ഒ.(ആർ.ടി.) നം. 1400/2019 /എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം സി.പി.ആർ.സി.എസ്. നിരക്ക് പ്രകാരം മിഡ് ലെവൽ സ്പെസിഫിക്കേഷൻ ഉള്ള ലാപ് ടോപ്പിന്റെ വില 38,902/- രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിശ്ചയിച്ച വിലയേക്കാൾ കൂടുതൽ ലാപ് ടോപ്പിന് നൽകിയതിന് പ്രത്യേക സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

ബി) മേൽ പ്രൊജക്റ്റ് പ്രകാരം 10 ലാപ് ടോപ്പുകൾ വാങ്ങിയിരുന്നെങ്കിലും ആയതിൽ 5 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. വിതരണ രജിസ്റ്റർ പ്രകാരം 5 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്.

മേൽ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം. 10/28.11.22) പ്രൊജക്റ്റ് രൂപീകരിച്ചത് പി.ജി./ പ്രൊഫഷണൽ കോഴ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമാണ് രൂപീകരിച്ചതെന്നും ടി വിഭാഗത്തിലുള്ള അപേക്ഷകർക്ക് മാത്രം ലാപ് ടോപ്പ് വിതരണം ചെയ്താൽ മതിയെന്നുമുള്ള കമ്മറ്റി തീരുമാനത്തിന്റെ (12.08.22 ലെ 4(1)നമ്പർ തീരുമാനം) അടിസ്ഥാനത്തിലാണ് വിതരണം ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. ടി കോഴ്സ് ചെയ്യുന്ന

വിദ്യാർത്ഥികളുടെ അഭാവത്തിലാണ് ലാപ് ടോപ്പുകൾ വിതരണം ചെയ്യാതെ അവശേഷിച്ചത്. സർക്കാർ ഉത്തരവ് നം. കൈ/22/2018/ത.സ്വ.ഭ.വ തീയതി. 14/02/2018 ഖണ്ഡിക 7.2.8 പ്രകാരം പരാമർശിച്ചിട്ടുള്ള കോഴ്സുകൾ പഠിക്കുന്ന കുട്ടികൾ ലാപ് ടോപ്പുകൾക്ക് അർഹരാണ്. അർഹരായ വിദ്യാർത്ഥികളെ ഗ്രാമസഭകളിലൂടെ കണ്ടെത്തി ലാപ് ടോപ്പുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കുന്നത് വരെ 5 ലാപ് ടോപ്പുകളുടെ വിലയായ 2,14,560/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | 24/22- കന്നുകുട്ടി പരിപാലന പദ്ധതി (വനിത) |
| നടപ്പാക്കിയ വർഷം | 2021-22 |
| ചെലവഴിച്ച തുക | 3,12,500/- (വികസന ഫണ്ട്(ജനറൽ)) (വൗച്ചർ നം. 22101197/10.11.21) |

1.വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 6250/- രൂപ നിരക്കിൽ 50ഗുണഭോക്താക്കൾക്കായി 3,12,500/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. മേൽ പ്രൊജക്ടിന്റെ വ്യക്തിഗത നാൾ വഴി രജിസ്റ്റർ പരിശോധിച്ചത് പ്രകാരം സിജി ജോസഫ്, അക്കരപറമ്പൻ വീട്, അടാട്ട് എന്ന ഗുണഭോക്താവ് 4 മാസം മാത്രമേ കാലിത്തീറ്റ കൈപറ്റിയിട്ടുള്ളൂ. ടി. ഗുണഭോക്താവിന് അടവാക്കിയ സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 04/24.11.22) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കി ആ വിവരവും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 വി.ഇ.ഒ നടപ്പാക്കിയ പ്രൊജക്ടുകൾ - അപാകങ്ങൾ

1) 2021-22വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ പദ്ധതികളിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പറും പേരും | പേരും മേൽ വിലാസവും | വൗച്ചർ നം./ തീയതി | തുക |
|---|---|---|---|---|
| 1 | 41/22 - വീട് വാസയോഗ്യമാക്കൽ വികസനഫണ്ട് (ജനറൽ) | രവി വേലായുധൻ, പുലിയംകുന്നത്ത്, ചിറ്റിലപ്പിള്ളി | 22101056/ 30.10.21 | 25000 |
| 2 | | ബിന്ദു ഷാജു, പുത്തുക്കര വീട്, ചൂരക്കാട്ടുകര | 22101203/ 11.11.21 | 25000 |
| 3 | | സരസ്വതി, പുതിയപറമ്പിൽ വീട്, പുഴക്കൽ | 22101458/ 24.01.22 | 25000 |
| 4 | 26/22 - വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) | രാജീവൻ കാട്ടിക്കോവിലകം, ചിറ്റിലപ്പിള്ളി | 22101343/ 30.12.21 | 50000 |
| 5 | | രവീന്ദ്രൻ, ഇട്ട്യേപ്പുറത്ത് വീട്, അടാട്ട് | 22101345/ 10.01.22 | 50000 |
| 6 | | ശശികുമാർ കാട്ടിക്കോവിലകം, | 22101612/ 26.02.22 | 50000 |

| | | | | |
|---|---|---|---|---|
| | | ചിറ്റിലപ്പിള്ളി | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/28.11.22) മറുപടിയായി മേൽ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) വീട് വാസയോഗ്യമാക്കൽ (ജനറൽ) എന്ന പ്രോജക്ടിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ സുനിൽ കുമാർ, കരുമാംപറമ്പിൽ എന്ന ഗുണഭോക്താവിന് 07.01.2021ന് ആദ്യ ഗഡുവായ 25,000/- രൂപ നൽകിയിട്ടുണ്ട്. 2021-22 വർഷത്തിൽ വീട് വാസയോഗ്യമാക്കൽ (ജനറൽ) എന്ന പ്രോജക്ടിന് സ്പിൽ ഓവർ പ്രോജക്ട് ഉണ്ടായിരുന്നിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/28.11.22) മറുപടിയായി പല തവണ ആവശ്യപ്പെട്ടിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനെത്തുടർന്ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ജൽജീവൻ മിഷൻ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ജൽജീവൻ മിഷൻ - കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ (പ്രൊജക്ട് നമ്പർ - 69/22 ) എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ട് (എസ്.സി.പി) വിനിയോഗിച്ച് ₹ 5,90,130 (വൗ.നം.22101350/13.01.22) പ്രകാരം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.10/28.11.22)

## 1-25 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല - തനത് ഫണ്ടിൽ നിന്നും 20 ലക്ഷത്തിൽപ്പരം രൂപയുടെ അധിക ചെലവ്

അടാട്ട് ഗ്രാമപഞ്ചായത്ത് വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ താഴെ പറയും പ്രകാരം 1016346 രൂപ 2021-22 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 22100072/22.4.2021 | 98420 |
| 2 | 22100260/12.6.2021 | 95516 |
| 3 | 22100457/17.7.2021 | 85253 |
| 4 | 22100603/13.8.2021 | 90167 |
| 5 | 22100758/16.9.2021 | 105776 |
| 6 | 22100899/13.10.2021 | 85243 |
| 7 | 22101029/10.11.2021 | 80032 |
| 8 | 22101166/13.12.2021 | 87921 |
| 9 | 22101308/13.1.2022 | 96172 |
| 10 | 22101479/9.2.2022 | 87993 |
| 11 | 22101640/16.3.2022 | 103853 |
| | ആകെ | 1016346 |

5/2021-ൽ അടച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ഇതോടൊപ്പം കുറൂർപാറ കുടിവെള്ളപദ്ധതി, കുന്നംപുറം കുടിവെള്ള പദ്ധതി എന്നിവക്കുവേണ്ടി ശരാശരി 4000 രൂപ വൈദ്യുതി ചാർജ് അടവാക്കി വരുന്നുണ്ട്. ഇതു കൂടാതെ പമ്പ് ഓപ്പറേറ്റർമാരുടെ വേതനം ഇനത്തിൽ 2021-22 വർഷത്തിൽ 4,63,320 രൂപയും റിപ്പയർ ഇനത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും പ്രോജക്ട് നമ്പർ 199/22, 4/22 എന്നിവ പ്രകാരം ആകെ 590629 രൂപയും ചെലവഴിച്ചിട്ടുണ്ട്.

2021-22 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.2.2018 ഖണ്ഡിക 6.6 കുറിപ്പ് 3 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ് എന്നും നിർമ്മാണം പൂർത്തിയാക്കിയ

ശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്തൃ സമിതികൾക്ക് കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പ് കൈമാറാത്തതിനാൽ 2021-22 വർഷത്തിൽ മാത്രം 20 ലക്ഷത്തിലധികം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 23/30.11.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മേൽപറഞ്ഞ കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികൾക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 താല്ക്കാലിക നിയമനങ്ങൾ - സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് (കമ്പൾസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്) ആക്ട്. 1959-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അടാട്ട് ഗ്രാമപഞ്ചായത്തിലെ താല്ക്കാലിക നിയമനങ്ങൾ ഒന്നും തന്നെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നില്ല എന്ന് കാണുന്നു. ഇദ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/28.11.2022 നൽകിയ മറുപടിയിൽ നിലവിൽ 6 പേർ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്. ഇതിൽ ബാബുരാജൻ, മാലിന്യ വാഹനം ഡ്രൈവറെ നിയമിച്ച കമ്മിറ്റി തീരുമാനമോ ടിയാൻ എന്നു മുതൽ ജോലി ചെയ്തു വരുന്നു എന്ന വിവരമോ ചേർത്തിട്ടില്ല. സതി കെ.കെ, എഫ് ടി സ്വീപ്പറെ നിയമിച്ചതിന്റെ തീരുമാനവും ലഭ്യമാക്കിയിട്ടില്ല. വിജീഷ് കുമാർ, കെയർ ടേക്കർ, കെ ആർ നാരായണൻ മെമ്മോറിയൽ ഹാൾ, റെയ്മി ജോർജ്, ഡാറ്റാ എൻടി ഓപ്പറേറ്റർ എന്നിവർ 21.10.2016 മുതൽ തുടർച്ചയായി ജോലി ചെയ്തുവരുന്നതായി കാണുന്നു.

ഈ വിഷയത്തിൽ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ജി.ഒ.(പി)നമ്പർ 28/2016/ധന. തീയതി 26.2.2016 പ്രകാരം ദിവസവേതന വ്യവസ്ഥയിലുള്ള നിയമനം 179 ദിവസത്തേക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

2. മേൽ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നുള്ള സ്പഷ്ടമായ അനുമതിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം നിയമനങ്ങൾ നടത്താവൂ.

3. ജി.ഒ.(പി)നമ്പർ 56/2017/ധന. തീയതി 28.4.2017 പ്രകാരം ദിവസവേതനം അനുവദിക്കുന്ന ബില്ലിനോടൊപ്പം അറ്റൻഡൻസ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ രേഖയും ഉൾപ്പെടുത്തേണ്ടതാണ്.

4. ധനവകുപ്പിന്റെ സർക്കുലർ നമ്പർ 3/2019/ധന. തീയതി 11.1.2019 പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നിയമനം നൽകാവു

5. 2020-21, 2021-22 വർഷങ്ങളിലും 2022-23 -ൽ ഓഡിറ്റ് തീയതി വരേയും 2 ഫുൾ ടൈം സ്വീപ്പർമാർ ജോലി ചെയ്തു വരുന്നതായി കാണുന്നു. ഒരാൾ ദിവസക്കൂലി അടിസ്ഥാനത്തിലും ഒരാൾ സ്ഥിരം തസ്തികയിലും. പഞ്ചായത്തിൽ ഒരു എഫ് ടി എസ് തസ്തിക മാത്രമാണ് ഉള്ളത്. ഇതിൽ 28.7.2021 മുതൽ 7.4.2022 വരെ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവുണ്ടായിരുന്നു. അതിനാൽ ഈ കാലയളവിൽ താല്ക്കാലികമായി ഫുൾ ടൈം സ്വീപ്പറെ അംഗീകൃത വ്യവസ്ഥകൾ പ്രകാരം നിയമിക്കാവുന്നതാണ്. എന്നാൽ ഫുൾടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരം ജീവനക്കാരൻ ഉള്ളപ്പോഴും ദിവസക്കൂലി അടിസ്ഥാനത്തിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നടത്തി വേതനം നൽകി വരുന്നുണ്ട്.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/30.11.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അംഗീകൃത തസ്തികകൾക്ക് പകരമല്ലാതെ നടത്തിയ താല്ക്കാലിക നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം വാങ്ങുന്നതിനും താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രം നടത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ ഉത്സവബത്ത നൽകി

സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 115/2021/ധന. തീയതി 13.8.2021 ഖണ്ഡിക 7-vii പ്രകാരം ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1210 രൂപ പ്രത്യേക ഉത്സവബത്തക്കാണ് അർഹതയുള്ളത്. എന്നാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താഴെ പറയുന്ന ജീവനക്കാർക്ക് 2750 രൂപ നിരക്കിൽ ഉത്സവബത്ത അനുവദിച്ചിട്ടുണ്ട്.

| പേര്/തസ്തിക | വൗച്ചർ നമ്പർ/തീയതി | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|
| ബാബുരാജ്, ഡ്രൈവർ | 22100624/18.8.2021 | 2750 | 1210 | 1540 |

| | | | | |
|---|---|---|---|---|
| വിജീഷ്, കെയർടേക്കർ | 22100624/18.8.21 | 2750 | 1210 | 1540 |
| സതി കെ.കെ. ഫുൾ ടൈം സ്വീപ്പർ | 22100623/18.8.2021 | 2750 | 1210 | 1540 |

മേൽപറഞ്ഞ ജീവനക്കാർക്ക് അധിക നിരക്കിൽ ഉത്സവ ബത്ത അനുവദിച്ചതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 21/29.11.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക 4620 രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതുവരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 സർക്കാർ ഉത്തരവ് പരിഗണിക്കാതെ ആർജ്ജിതാവധി പണമാക്കി മാറ്റി

2021-22 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവകലാശാല, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം മാറ്റി വെച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

17.07.2020-ലെ GO(P)No.94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ നിയന്ത്രണ കാലാവധി 15.09.2020 വരെയും 5.11.20ലെ GO(P)No.152/2020/Fin ഉത്തരവ് പ്രകാരം 31.5.2021 വരെയും 26.7.21ലെ GO(P)No.104/2021/Fin ഉത്തരവ് പ്രകാരം 1.6.21 മുതൽ 6 മാസത്തേക്കും തുടർന്ന് 1.12.21ലെ GO(P)No.160/2021/Fin പ്രകാരം 2021-22 സാമ്പത്തിക വർഷാവസാനം വരേക്കും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. 27.04.2020-ലെ GO(P)No.49/2020/Fin ഉത്തരവ് പ്രകാരം താൽക്കാലിക ജീവനക്കാർക്ക് കൂടി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം, 2021-22 സാമ്പത്തിക വർഷത്തിൽ ആർജിതാവധി സറണ്ടർ ആനുകൂല്യം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | മാറ്റ്ലി എം സി | അസി. സെക്രട്ടറി | 22100184 /1.6.2021 | 70707 |
| 2 | റാഫി ഇ ടി | ജൂനിയർ സൂപ്രണ്ട് | 22100184 /1.6.2021 | 59829 |
| 3 | എം എ സുനിൽ സർമാൻ | അക്കൗണ്ടന്റ് | 22100184 /1.6.2021 | 57054 |
| 4 | മുരളി സി കെ | സീനിയർ ക്ളർക്ക് | 22100184 /1.6.2021 | 42513 |
| 5 | ജിന്റോ പി ജോർജ് | സീനിയർ ക്ളർക്ക് | 22100184 /1.6.2021 | 40515 |
| 6 | ഇമെൽഡ മേരി ജി | ക്ലർക്ക് | 22100184 /1.6.2021 | 33633 |
| 7 | പി.രമാദേവി | സെക്രട്ടറി | 22100486/20.7.2021 | 75924 |
| 8 | എം.ലത | ജൂനിയർ സൂപ്രണ്ട് | 22101082/22.11.2021 | 61272 |
| | ആകെ | | | 4,41,447 |

ഈ വിഷയം സംബന്ധിച്ച് 29.11.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 16, 17, 20 എന്നിവക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസി.എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന

അപാകതകൾ കാണുന്നു.

1. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്ടിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

2. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

4. 2012 ലെ പിഡബ്ലിയുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/26.11.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകളില്ലാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നിർവ്വഹണ/വിനിയോഗ /പൂർത്തീകരണ വിവരങ്ങൾ- പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി പട്ടികയിൽ വ്യക്തമാക്കിയ പ്രകാരം തുക നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ നിർവ്വഹണ/വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേരുവിവരം | നിർവ്വഹണ ഏജൻസി | വൗച്ചർ നം. | തുക (₹) |
|---|---|---|---|---|
| 1 | 199/22അടാട്ട് ഗ്രാമപഞ്ചായത്ത് വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണികൾ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22101751/23.03.22 | 95,000 |
| 2 | 14/22 ജൽജീവൻ മിഷൻ-KWA തുക കൈമാറൽ | KWA | 22101462/13.01.22 | 5,00,000 |
| 3 | 175/22 അടാട്ട് ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് പുതിയ മെഷിനിറി വാങ്ങൽ | IRTC, പാലക്കാട് | 22101751/23.03.22 | 19,00,000 |
| 4 | 2/22 IKM വിഹിതം അടവാക്കൽ | ഇൻഫർമേഷൻ കേരള മിഷൻ | 22101912/29.10.22 | 80,828 |

നിർവ്വഹണ ഏജൻസികളിൽ നിന്നും, വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.18/29.11.22)

## 1-31 ആശുപത്രി മാനേജിംഗ് കമ്മറ്റി വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള കുടുംബാരോഗ്യ കേന്ദ്രം, ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറി എന്നീ ആരോഗ്യ സ്ഥാപനങ്ങളിലെ ആശുപത്രി മാനേജിംഗ് കമ്മറ്റികളുടെ സ്ഥാപനം, വാർഷിക കണക്കുകളുടെ സമർപ്പണം എന്നിവ സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു (ഓഡിറ്റ് അന്വേഷണം നം. 06/24-11-22).

1) 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റികൾ) ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ ആരോഗ്യ സ്ഥാപനത്തിൽ എച്ച്.എം.സി സ്ഥാപിതമായിട്ടുണ്ടോ?

2) ഉണ്ടെങ്കിൽ എന്നു മുതൽക്കാണ് എച്ച്.എം.സി സ്ഥാപിതമായത്?

3) എച്ച്.എം.സി വരവ് ചെലവ് കണക്കുകൾ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി അവസാനം സമർപ്പിച്ചത് ഏത് സാമ്പത്തിക വർഷത്തിലാണ്?

4) 2021-22 വർഷത്തെ വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ?

5) ഇല്ലെങ്കിൽ തുടർച്ചയായ കണക്കുകൾ സമർപ്പിക്കാത്തതിന്റെ കാരണം

മേൽ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി കുടുംബാരോഗ്യ കേന്ദ്രം, അടാട്ട് ആശുപത്രി മാനേജിംഗ് കമ്മറ്റി 04-09-2007 ൽ ആരംഭിച്ചിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ വാർഷിക കണക്കുകൾ സമർപ്പിച്ചിട്ടില്ലെന്നും എത്രയും പെട്ടെന്ന് വാർഷിക കണക്കുകൾ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയുർവേദ ഡിസ്പെൻസറി അടാട്ട്, ഹോമിയോ ഡിസ്പെൻസറി, അടാട്ട് എന്നീ സ്ഥാപനങ്ങൾ മറുപടി നൽകിയിട്ടില്ല.

ആശുപത്രി മാനേജിംഗ് കമ്മറ്റിയുടെ വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 06/24-11-22).

## 1-32 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

| പ്രോജക്ട് നം. | 20/22 | 189/22 |
|---|---|---|
| പ്രോജക്ട് | പെയിൻ & പാലിയേറ്റീവ് കെയർ | ജീവിതശൈലീ രോഗത്തിനുള്ള മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി അടാട്ട് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി അടാട്ട് |
| വിതരണക്കാരൻ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് |
| വൗച്ചർ നം., തുക | 22100934/17.09.21= ₹2,01,504/- 22101451/19.01.22 = ₹ 2,47,612<br><br>( വികസന ഫണ്ട്- ജനറൽ) | 22101541/09.02.22= ₹4,00,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |

1. പ്രോജക്ട് നമ്പർ - 20/222 പ്രകാരം ₹4,49,116/- യ്ക്ക് (പ്രൊഫോർമ ഇൻവോയ്സ് നം. PRF 1836/27.08.21 - ₹2,01,504, PRF 4556/01.01.22 - ₹ 2,47,612) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ₹4,43,095/- യ്ക്ക് മാത്രമേ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹6,021 യുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

2. പ്രോജക്ട് നമ്പർ -189/22 പ്രകാരം 4,00,000/- രൂപയ്ക്ക് (പ്രൊഫോർമ ഇൻവോയ്സ് നം. PRF 5427/04.02.22- ₹4,00,000) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ₹3,78,310/- യ്ക്ക് മാത്രമേ മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹21,690/- യ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 05/24.11.22)

## 1-33 അഗതി രഹിത കേരളം- കൈമാറിയ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.

അഗതി രഹിത കേരളം (പ്രോജക്ട് നമ്പർ - 63/22) എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ട് (ജനറൽ) ₹3,00,000

വൗ.നം. 22101055/29.10.21 പ്രകാരം അടാട്ട് കുടുംബശ്രീ സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 3757262089, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ) കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും തുക ചെലവഴിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/28.11.22) മറുപടിയായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. സെക്രട്ടറി മരണപ്പെട്ടതിനാൽ തുക സമയബന്ധിതമായി ചെലവഴിക്കാൻ സാധിച്ചില്ല എന്നും വരും വർഷങ്ങളിൽ ഡി.പി.ആർ. പ്രകാരം ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 വയോജനങ്ങൾക്ക് കട്ടിൽ- കട്ടിലുകൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.

എ) അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ - 67/22 - വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ട് (എസ്.സി.പി) ഉപയോഗിച്ച് Artco Ltd. Kozhikode ൽ നിന്നും കട്ടിലൊന്നിന് ₹4,250/- നിരക്കിൽ 54 കട്ടിലുകൾ ₹2,29,500/- (വൗ.നം. 22101349/13.01.22) വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. KKD133/23.11.21). വിതരണ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ 46 കട്ടിലുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. വിതരണം ചെയ്യാതെ അവശേഷിക്കുന്ന കട്ടിലുകൾ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ വിതരണം ചെയ്യാതെ അവശേഷിക്കുന്ന 8 കട്ടിലുകളുടെ വിലയായ ₹34,000/- തടസ്സപ്പെടുത്തുന്നു.

ബി) കട്ടിലുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ജാതി സർട്ടിഫിക്കറ്റ് ഇല്ല.

| ക്രമ നമ്പർ | പേര് | റിമാർക്സ് |
|---|---|---|
| 1 | കട്ടപ്പൻ.പി.സി, പാട്ടത്തിൽ, ചിറ്റിലപ്പള്ളി | ജാതി സർട്ടിഫിക്കറ്റ് ഇല്ല. |
| 2 | പ്രഭാകരൻ, ചേലക്കോട്ട് | ,, |
| 3 | തങ്കമണി, കല്ലായിൽ | ,, |
| 4 | വേലായുധൻ, കല്ലായിൽ | ,, |
| 5 | വനജ, മണ്ണന്താഴത്ത് | ,, |
| 6 | സുകുമാരൻ, പുളിക്കപ്പറമ്പിൽ | ,, |
| 7 | പ്രേമാനന്ദൻ, പുത്തിശ്ശേരി | ,, |
| 8 | കാർത്ത്യായനി,തേയ്ക്കാനത്ത് | ,, |
| 9 | മോഹിനി, വടക്കുംമുറി | ,, |
| 10 | തങ്ക, കരിങ്കടത്ത് | ,, |
| 11 | കാർത്ത്യായനി, പാവിള്ളൽ | ,, |
| 12 | വേലായുധൻ, പുല്ലംപറമ്പിൽ | ,, |
| 13 | വിജയൻ, കാങ്കപ്പറമ്പിൽ | ,, |
| 14 | ദാമോദരൻ, മനയ്ക്കപ്പറമ്പിൽ | ,, |
| 15 | ബേബി, മനയ്ക്കപ്പറമ്പിൽ | ,, |
| 16 | ഗോപി, എളയാടൻ | ,, |
| 17 | തങ്ക ശങ്കരൻ, ക്ലർമനയ്ക്കൽ | ,, |

ജാതി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ അർഹരായവർക്ക് തന്നെയാണ് പട്ടികജാതി വികസനഫണ്ട് ഉപയോഗിച്ച് ആനുകൂല്യം നൽകിയതെന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ 17 കട്ടിലുകളുടെ വിലയായ ₹72,250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ആകെ തടസ്സപ്പെടുത്തിയ തുക : ₹1,06,250 (34000+72,250)മേൽ ഗുണഭാക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 10/28.11.22)

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 174000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 174000 | 0 |
| | | 200000 | 2021-22 ലൈഫ് ഭവന പദ്ധതി എസ്.സി. | 200000 | 0 |
| | | 250000 | ലൈഫ് ഭവനപദ്ധതി ജനറൽ - ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ | 250000 | 0 |
| | | 50000 | ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 147200 | സുഭിക്ഷകേരളം - ബയോഫ്ലോക്ക് മത്സ്യകൃഷി | 147200 | 0 |
| | | 26568 | സാന്ത്വനം - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 26568 | 0 |
| | | 355000 | സാന്ത്വനം - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 355000 | 0 |
| | | 54177 | കോവിഡ് സ്പെഷ്യൽ പ്രോജക്ട് | 54177 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക (ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളത് മാത്രം. മുൻവർഷങ്ങളിലെ തുക ഉൾപ്പെടാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുത്തുന്നില്ല) |
|---|---|---|---|---|
| KWA | പ്രോജക്ട് - 14/22 | 500000 | 500000 | 0 |

| | | | | |
|---|---|---|---|---|
| | ജൽജീവൻ മിഷൻ വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | | | |
| KWA | പ്രോജക്ട് – 69/22 ജൽജീവൻ മിഷൻ വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 590130 | 590130 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

വാർഷിക കണക്ക് പ്രകാരം 600 രൂപയുടെ നിക്ഷേപം കാണുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് പദ്ധതി | 43/2021 | -- | 1164000 | 308000 | 0 | 856000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 2000-01 | 19 | 50 | ജോയ് പി എം (ലൈസൻസ് ഫീസ്) | 121080108912/31.3.21 |
| | 19 | 300 | കൃഷ്ണൻ ബാലകൃഷ്ണൻ | 121080108913/31.3.2021 |
| | 19 | 56 | വേണുഗോപാലൻ | 121080108915/31.3.2021 |
| | 19 | 36 | കുമാരൻ | 121080108916/31.3.2021 |
| | 19 | 50 | ജയ്സൺ | 121080108917/31.3.2021 |
| | 19 | 113 | ദേവസ്സി | 121080108918/31.3.2021 |
| | 19 | 100 | രാമകൃഷ്ണൻ | 121080108919/31.3.2021 |
| 2001-02 | 3-4 | 70 | സെക്രട്ടറി, അടാട്ട് ഗ്രാമപഞ്ചായത്ത് | 121080108921/31.3.2021 |
| | 2-1 | 150 | ഡോ. ആശാലത | 121080108922/31.3.2021 |
| | 2-1 | 150 | കാർത്ത്യായനി | 121080108923/31.3.2021 |
| | 2-1 | 120 | ചന്ദ്രമതി | 121080108924/31.3.2021 |
| | 2-1 | 150 | സുകുമാരൻ | 121080108925/31.3.2021 |

| | | | | |
|---|---|---|---|---|
| 2008-09 | 3-15 | 14075 | ദീപ ആർ | 121080108903/31.3.2021 |
| ആകെ | | 15420 | | |

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 2014-15 | 2(1)-1 | 2016-17 | 2-1 | അദ്ധ്യാപകരുടെ തൊഴിൽ നികുതി നിയമന അംഗീകാരം ലഭിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല | തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 2 | 2014-15 | 2(1)-2 | 2016-17 | 2-1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | ബി.എസ്.എൻ.എൽ.ന് എതിരെ RR നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഓഫീസ് പഞ്ചായത്തിൽ ഇല്ല. പമ്പ് ഹൗസ് മാത്രമാണ് ഉള്ളത്. മറ്റു സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 3 | 2014-15 | 2(1)-3 | 2016-17 | 2-1 | ക്വാളിറ്റി കണ്ടെയ്നേഴ്സ് എന്ന സ്ഥാപനം രണ്ടാം അർദ്ധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. | നികുതി അടവാക്കിയിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 93342009 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88713872 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 325430 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2,14,560 | ശ്രീ. സുരേഷ് ബാബു ചിറ്റഴി, അസി. സെക്രട്ടറി |
| 1-27 | 4620 | ശ്രീ. സുരേഷ് കെ ആർ, സെക്രട്ടറി |
| 1-34 | 1,06,250 | ശ്രീ. സുരേഷ് ബാബു ചിറ്റഴി, അസി. സെക്രട്ടറി |
| ആകെ | 3,25,430 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-21 | 2,14,560 | സുരേഷ്ബാബു ചിറ്റഴി, അസി.സെക്രട്ടറി | 28.04.22-ന് മരണപ്പെട്ടു | ചിറ്റഴി വീട്, പി.ഒ. പുന്നയൂർക്കുളം |
| 1-27 | 4,620 | സുരേഷ് കെ ആർ, സെക്രട്ടറി | സെക്രട്ടറി, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | കാഞ്ഞിരക്കാട്ടിൽ വീട്, പി.ഒ. ചെവ്വൂർ, തൃശ്ശൂർ |
| 1-34 | 1,06,250 | സുരേഷ്ബാബു ചിറ്റഴി, അസി.സെക്രട്ടറി | 28.04.22-ന് മരണപ്പെട്ടു | ചിറ്റഴി വീട്, പി.ഒ. പുന്നയൂർക്കുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ നമ്പർ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | KSA-TSR (P1)-1665(1)/22 തീ. 17.09.22 | 1 | 42 | SCH |
| 2 | 1998-99 | | 2 | 41, 50 | SCH |
| 3 | 2001-2002 | | 1 | 3-1 | CAR |
| 4 | 2001-02 (ജനകീയാസൂത്രണം) | | 3 | 4(1)(2)(4) | SCH |
| | | | | 8(3) | |
| | | | | 11 | SCH |
| 5 | 2002-03 | | 2 | 3-1 | CAR |
| | | | | 3-5 (1,2,3,4,5) | |
| 6 | 2003-04 | | 4 | 3-9, 3-10, 3-16, 3-18 | 3-9 CAR |

| | | | | | |
|---|---|---|---|---|---|
| 7 | 2007-08 | | 2 | 3-4, 3-5 | |
| 8 | 2011-2012 | | 4 | 1-5, 3-1, 3-8, 3-13 | |
| 9 | 2012-13 | | 5 | 2-2എ, 3-2, 3-3, 3-9, 3-10 | |
| 10 | 2013-14 | | 3 | 2-6, 3-1, 3-5 ബി | |
| 11 | 2014-15 | | 7 | 2-1, 2-8, 3-6, 3-7, 3-8, 3-10, 3-12 | |
| 12 | 2015-16 | | 3 | 2-5, 2-12, 3-7 | |
| 13 | 2016-17 | | 3 | 2-4, 3-7, 3-13 | |
| 14 | 2017-18 | | 5 | 2-2, 2-4, 3-2, 3-4, 3-14 | |
| 15 | 2018-19 | KSATSR(P1)965/2020 തീ. 07.01.2021 | 20 | 1-9,1-11, 1-12, 1-13, 1-14, 1-17, 1-19, 1-20, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 3-1 | |
| 16 | 2019-20 | KSATSR(P1)987/2022 തീ. 05.07.2022 | 40 | 1-10,1-11,1-12, 1-13, 1-14, 1-15,1-16,1-17,1-18, 1-19, 1-20, 1-21,1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48,1-49 | |
| 17 | 2020-21 | KSATSR(P1)988/2022 തീ. 05.07.2022 | 37 | 1-10,1-11,1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, | |
| | ആകെ | | 142 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്